# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.970 | 30.11.2018-ൽ മറുപടിയ്ക്ക്

**ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ്**

ചോദ്യം
ശ്രീ.അടൂർ പ്രകാശ്

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | റിസർവോയർ ലെവൽ ക്രമപ്പെടുത്തി നിർത്താൻ സാധിക്കാതിരുന്നതാണ് ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനുള്ള ഒരു കാരണം എന്ന ജലകമ്മീഷന്റെ നിരീക്ഷണം ഗൗരവമേറിയതെന്ന് കരുതുന്നുണ്ടോ; | എ) & ബി) | കേന്ദ്ര ജലകമ്മീഷൻ കേരളത്തിലെ ആഗസ്റ്റ് 2018 ലെ പ്രളയത്തിനെ കുറിച്ചുള്ള പഠന റിപ്പോർട്ടിൽ റിസർവോയർ ലെവൽ ക്രമപ്പെടുത്തി നിർത്താൻ സാധിക്കാതിരുന്നതാണ് ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനുള്ള ഒരു കാരണം എന്ന് പറഞ്ഞിട്ടില്ല. കമ്മീഷന്റെ നിരീക്ഷണ പ്രകാരം കേരളത്തിലെ ഡാമുകൾ പ്രളയം വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. അതിതീവ്രമഴ മൂന്നു മുതൽ നാലു ദിവസം വരെ നീണ്ടു നിന്നതിനാൽ ജലവിതാനം പരമാവധി ജലനിരപ്പിനേക്കാൾ താഴെ ആയിരുന്നെങ്കിലും പ്രളയത്തിന്റെ സ്ഥിതിയിൽ വ്യത്യാസം ഉണ്ടാകുമായിരുന്നില്ല. |
| ബി) | പ്രസ്തുത നിരീക്ഷണത്തിന്മേൽ സർക്കാർ അന്വേഷണം നടത്താൻ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ